# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2293

### 12-02-2020 ൽ മറുപടിക്ക്

### കിഫ്ബി സഹായത്തോടെയുള്ള പ്രവൃത്തികളുടെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ധനസഹായത്തോടെ നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം വ്യക്തമാക്കുമോ;<br><br>(ബി) കിഫ്ബിക്ക് പ്രത്യേക സാങ്കേതിക വിഭാഗം ഇക്കാര്യത്തിനായി ഉണ്ടോ; എങ്കിൽ ഏതൊക്കെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് പ്രസ്തുത വിഭാഗം പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതെന്ന് അറിയിക്കുമോ; | കിഫ്ബിയ്ക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധന വിഭാഗം (TIW) ഉണ്ട്. പദ്ധതിയുടെ രൂപകൽപ്പന, എൻജിനീയറിങ്, കരാർ, ആസൂത്രണത്തിലെയും നടത്തിപ്പിലെയും ഗുണനിലവാര പരിശോധന എന്നിവയൊക്കെയാണ് സാങ്കേതിക പരിശോധന വിഭാഗത്തിന്റെ ചുമതലകൾ. ഈ വിഭാഗം നടത്തുന്ന സ്ഥിരമായുള്ള ഇൻസ്പെക്ഷനും പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായകമാകുന്നു.<br><br>പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ് പെക്ഷൻ വിങ്ങിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു<br>i. ഓട്ടോ ലാബ്: മെറ്റീരിയലുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകൽപ്പന ചെയ്തിട്ടുള്ള സംവിധാനം ആണ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോലാബ് ഏറ്റെടുത്തു നടത്തുന്നു.<br>ii. ഡ്രോൺ ബേസ്ഡ് ക്വാളിറ്റി / പ്രോഗ്രസ്സ് മോണിറ്ററിങ് സിസ്റ്റം: അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമാണത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശചിത്രങ്ങളെടുക്കുകയും പ്രവത്തനങ്ങളുടെ പുരോഗതി മനസിലാക്കുകയും ചെയ്യുന്നു.<br>iii. സെൻട്രൽ ടെസ്റ്റിംഗ് ലാബ്: KIIFB ആസ്ഥാനത്തു പ്രവൃത്തിക്കുന്ന പൂർണമായും സജ്ജീകരിച്ച ലാബ്, ഫീൽഡുകളിലും നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നു. |

| | |
|---|---|
| | iv. നോൺ-ഡിസ്ട്രക്ടീവ് ടെസ്റ്റിംഗ് എക്വിപ്‌മെന്റ്: കിഫ്ബിയുടെ അത്യാധുനിക ഉപകരണങ്ങൾ വികസനപ്രവർത്തനങ്ങളെ തടസപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു.<br>v. ക്വാളിറ്റി മോണിറ്ററിങ് സ്റ്റുഡിയോ: പ്രവർത്തനങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്റ്റുഡിയോ നിർമാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ദൃശ്യങ്ങളെടുക്കുകയും സി.ഇ.ഒ , മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ബോർഡ് അത് വിലയിരുത്തുകയും ചെയ്യുന്നു.<br>vi. നെറ്റ് വർക്ക് ലാബ് സിസ്റ്റം : നൂതന സാങ്കേതികോപകരണങ്ങൾ ഉപയോഗിച്ച് മെറ്റീരിയലുകളുടെ അത്യാധുനിക ടെസ്റ്റിംഗ് ലാബ്.<br>vii. ടെക്നിക്കൽ റിസോഴ് സ് സെൻറ്റർ: സെൻറ്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും TIW ന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം എസ്.പി.വി.കൾക്കാവശ്യമുള്ള സാങ്കേതികസഹായങ്ങളും സുലഭമാക്കുന്നു. |
| (സി) കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡവും ഗുണനിലവാരവും സമയക്രമവും നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളിൽ പാലിക്കപ്പെടുന്നുണ്ടോ; | ഉണ്ട്. കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സർവഷൻ ഷീറ്റുകളും, ഒബ്സെർവേഷൻ മെമ്മോകളും നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ എല്ലാ നിർദേശങ്ങളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം ഒബ്സർവേഷൻ മെമ്മോകൾ പിൻവലിക്കാറുണ്ട്. |
| (ഡി) ഏതെങ്കിലും പ്രവൃത്തികളിൽ ഗുണനിലവാരം ഇല്ലായെന്ന കാരണത്താൽ അതിന്റെ നിർമ്മാണ പ്രവർത്തനം തടഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികളിലെന്ന് വ്യക്തമാക്കുമോ? | കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി (ടെക്നിക്കൽ) വിഭാഗത്തിന്റെ നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാൽ സംസ്ഥാനത്ത് നിർമാണത്തിലിരുന്ന 17 പദ്ധതികൾ താത്കാലികമായി നിർത്തിവെക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. നിർത്തിവെക്കപ്പെട്ട പദ്ധതികളിൽ കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കിറ്റ്കോ, ഇൻകെൽ, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ മേൽനോട്ടം വഹിക്കുന്ന താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.<br>1 . ആയൂർ-ഇത്തിക്കര റോഡ്<br>2 . പേരാമ്പ്ര-ചെറുവണ്ണൂർ -വടകര റോഡ്<br>3 . കല്ലടക്ക-ചെർക്കള റോഡ്<br>4 . പാങ്ങോട്-കടക്കൽ -ചിങ്ങേലി-ചടയമംഗലം റോഡ്<br>5 . അമരവിള-ഒറ്റശേഖരമംഗലം റോഡ്<br>6 . കള്ളിക്കാട്-പാറശാല ഹിൽ ഹൈവേ |

| | |
|---|---|
| | 7 . കൈതവന-പഴയനാടകാവ്-അമ്പലപ്പുഴ-വടക്കേനട റോഡ്<br>8 . ഗവൺമെൻറ് ബോയ് സ് എച്ച് എച്ച് എസ് കായംകുളം<br>9 . കണ്ണശ്ശ സ്മാരക എച്ച് എസ് എസ് കടപ്ര<br>10. ഗവൺമെൻറ് ഗേൾസ് എച്ച് എസ് എസ് ആറ്റിങ്ങൽ<br>11. ഗവൺമെൻറ് ബോയ്സ് എച്ച് എസ് എസ് അടൂർ<br>12. തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം എടവ<br>13. എം ഇ സ് കോളേജ് പയ്യനാടം റോഡ്<br>14. കൽപ്പറ്റ വരാമ്പറ്റ റോഡ്<br>15. അടൂർ ടൗൺ ബ്രിഡ്ജ്<br>16. കൊച്ചിൻ കാൻസർ സെന്റർ എറണാകുളം<br>17. കല്ലറ പാങ്ങോട് പനവൂർ പുല്ലൻപാറ വെമ്പായം പഞ്ചായത്ത് സെൻട്രൽ വാട്ടർ സപ്ലൈ സ്കീം |

സെക്ഷൻ ഓഫീസർ